ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രതിരോധം, വ്യാപാരം, സമ്പദ്‌വ്യവസ്ഥ, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിലായി ഇന്ത്യയും റഷ്യയും 16 കരാറുകളിൽ ഒപ്പുവച്ചു.

   India-Russia ink 16 agreements in areas of defence, trade, economy & healthcare.

2. ഇൻഡിഗോ വിമാനങ്ങളുടെ കാലതാമസവും റദ്ദാക്കലും സംബന്ധിച്ച സ്ഥിതി മെച്ചപ്പെട്ടുവരികയാണെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു ; ആഭ്യന്തര യാത്രക്കാർക്കായി അധിക കോച്ചുകൾ സജ്ജമാക്കി ഇന്ത്യൻ റെയിൽവെ.

   Situation of Indigo flight delays & cancellations is getting better, says Civil Aviation Minister Ram Mohan Naidu; Indian Railways arranges additional coaches for domestic passengers.

3. എഴുപതാമത് മഹാപരിനിർവാൺ ദിവസിൽ ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം.

   Nation pays homage to Bharat Ratna Dr. BR Ambedkar on his 70th Mahaparinirvan Diwas.

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി ഡിസംബർ 18 വരെ നീട്ടി തിരഞ്ഞെടുപ്പ്

കമ്മീഷൻ.

**The Election Commission extends the deadline for SIR in Kerala to December 18.**

5. തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പു നടക്കുന്ന കേരളത്തിലെ ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും; പ്രചാരണം ശക്തമാക്കി മുന്നണികൾ.

   **The campaigning for the first phase of local body elections in Kerala will end tomorrow evening; political parties intensify their campaign.**

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക്..

   **The final match of the India-South Africa ODI cricket series will held today noon.**

☸☸☸☸☸☸☸☸☸☸☸☸☸

## PREZ-RUSSIA

ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന്റെ സുപ്രധാന നാഴികക്കല്ലാണ് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ സന്ദർശനമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വ്യാപാരം, പ്രതിരോധം, ആണവോർജം, ബഹിരാകാശം, ശാസ്ത്രം, സംസ്കാരം തുടങ്ങിയ നിരവധി മേഖലകളിൽ സമാധാനം, സ്ഥിരത, പുരോഗതി എന്നിവ നിലനിർത്തുന്നതിന് ഇന്ത്യയും റഷ്യയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ റഷ്യൻ പ്രസിഡൻറിന് രാഷ്ട്രപതിഭവനിൽ ശ്രീമതി മുർമു ഔദ്യോഗിക വിരുന്ന് സംഘടിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## PUTIN - DEPARTURE

ഇന്ത്യാ സന്ദർശനം പൂർത്തിയാക്കി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്നലെ രാത്രി റഷ്യയിലേക്ക് തിരിച്ചു. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വിമാനത്താവളത്തിൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. പ്രതിരോധം, വ്യാപാരം, സമ്പദ്വ്യവസ്ഥ, ആരോഗ്യം, അക്കാദമിക്, സംസ്കാരം, മാധ്യമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ ഇന്ത്യയും റഷ്യയും ഇന്നലെ പതിനാറ് കരാറുകൾ കൈമാറി. ഇന്ത്യ-റഷ്യ സൗഹൃദം ആഗോള

വെല്ലുവിളികളെ നേരിടാനുള്ള ശക്തി നൽകുമെന്നും ഈ വിശ്വാസം ഇരു രാജ്യങ്ങളുടെയും പൊതുവായ ഭാവിയെ സമ്പന്നമാക്കുമെന്നും റഷ്യൻ പ്രസിഡന്റുമായി നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും റഷ്യയും ഒരുമിച്ച് നിൽക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## PUTIN-24 INDIA-RUSSIA SUUMIT

2026-ൽ നടക്കുന്ന 24-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ക്ഷണിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്ക് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവന പ്രകാരം, യെക്കാറ്റെറിൻബർഗിലും കസാനിലും രണ്ട് ഇന്ത്യൻ കോൺസുലേറ്റുകൾ ആരംഭിച്ചതിനെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. എല്ലാ മേഖലകളിലുമുള്ള സഹകരണം കൂടുതൽ മെച്ചപ്പെട്ടതിൽ നേതാക്കൾ സംതൃപ്തി രേഖപ്പെടുത്തി.

## VP- GUJARAT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ഗുജറാത്ത് സന്ദർശിക്കും. ഗുജറാത്തിലെ ഏകതാ നഗറിൽ നടക്കുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.

## AVIATION (INTRO)

ഇൻഡിഗോ വിമാനസർവ്വീസുകളുടെ കാലതാമസവും റദ്ദാക്കലും സംബന്ധിച്ച സ്ഥിതി മെച്ചപ്പെട്ടു വരികയാണെന്നും ഇന്ന് മുതൽ വിമാനത്താവളങ്ങളിൽ കാത്തിരിപ്പ് ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നതായും കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. വിമാനത്താവളങ്ങളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ കുറയ്ക്കുന്നതിലാണ് സർക്കാർ പ്രധാന ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കുട്ടികൾ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് മുൻഗണന നൽകുന്നതിനായി വ്യോമയാന മന്ത്രാലയം എല്ലാ വിമാനത്താവളങ്ങൾക്കും എയർലൈൻ

ഓപ്പറേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

## INDIGO FLIGHTS-DGCA

ഇൻഡിഗോ വിമാനങ്ങളുടെ പ്രവർത്തന തടസ്സങ്ങൾക്ക് കാരണമായ സാഹചര്യങ്ങൾ സമഗ്രമായി അവലോകനം ചെയ്യുന്നതിനായി സർക്കാർ നാലംഗ സമിതി രൂപീകരിച്ചു. 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തന തടസ്സങ്ങൾക്ക് കാരണമാകുന്ന അടിസ്ഥാന കാരണങ്ങൾ സമിതി തിരിച്ചറിയുമെന്ന് ഡിജിസിഎ പ്രസ്താവനയിൽ പറഞ്ഞു. ഇൻഡിഗോ വിമാന തടസ്സങ്ങൾ കണക്കിലെടുത്ത്, സുഗമമായ വിമാന സർവ്വീസ് നിലനിർത്തുന്നതിന് ഇന്ത്യയിലുടനീളമുള്ള എല്ലാ പൈലറ്റ് ബോഡികളുടെയും അസോസിയേഷനു കളുടെയും പൈലറ്റുമാരുടെയും സഹകരണം ഡിജിസിഎ അഭ്യർത്ഥിച്ചു.

## RAILWAY- COACHES

രാജ്യവ്യാപകമായി വിമാന സർവീസുകൾ റദ്ദാക്കിയതിനെ തുടർന്നുണ്ടായ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യൻ റെയിൽവേ വിപുലമായ നടപടികൾ സ്വീകരിച്ചു. രാജ്യത്ത് ആകെ 37 ട്രെയിനുകളിൽ 116 അധിക കോച്ചുകൾ ഉൾപ്പെടുത്തി. ദക്ഷിണ റെയിൽവേയാണ് ഏറ്റവും കൂടുതൽ കോച്ച് വർദ്ധനവ് നടത്തിയത്. 18 ട്രെയിനുകളിൽ ശേഷി വർദ്ധിപ്പിച്ചു.

## 70th MAHAPARINIRVAN DIWAS

രാജ്യം ഇന്ന് 70-ാമത് മഹാപരിനിർവാൻ ദിവസ് ആഘോഷിക്കുന്നു. ഭരണഘടനാ ശില്പിയും സാമൂഹിക പരിഷ്കർത്താവും, നിയമജ്ഞനുമായ ബാബാസാഹേബ് ഡോ. ബി.ആർ. അംബേദ്കറുടെ ചരമവാർഷികത്തോടനുബന്ധിച്ചാണ് മഹാപരിനിർവാൺ ദിവസ് ആചരിക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, സ്പീക്കർ ഓം ബിർള, രാജ്യസഭാ ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് ഹരിവംശ് നാരായൺ സിംഗ്, പാർലമെന്റംഗങ്ങൾ,

എന്നിവർ പാർലമെൻറ് സമുച്ചയത്തിലെ അംബേദ്കർ പ്രതിമയ്ക്ക് മുന്നിൽ പുഷ്പാർച്ചന നടത്തും.

## AMIT SHAH - CONSULTATIVE COMMITTEE

ഗുജറാത്തിലെ ബനാസ് ഡയറിയിൽ നടക്കുന്ന സഹകരണ മന്ത്രാലയത്തിന്റെ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ മൂന്നാമത്തെ യോഗത്തിൽ ഇന്ന് കേന്ദ്ര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനെത്തിയ കേന്ദ്ര മന്ത്രി സനദറിലെ ബനാസ് ഡയറിയുടെ ബയോ-സിഎൻജി, രാസ വള പ്ലാന്റ് എന്നിവ ഉദ്ഘാടനം ചെയ്യും. സനദറിൽ നടക്കുന്ന പൊതുയോഗ ത്തെയും കേന്ദ്ര മന്ത്രി അഭിസംബോധന ചെയ്യും.

## SIR-KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി നീട്ടി തിരഞ്ഞെടുപ്പ് കമ്മീഷൻ. എന്യുമറേഷൻ ഫോം ഡിസംബർ 18 വരെ സ്വീകരിക്കുമെന്ന് കമ്മീഷൻ അറിയിച്ചു. ഒരാഴ്ച നീട്ടണമെന്ന സർക്കാർ ആവശ്യം അംഗീകരിച്ചാണ് കമ്മീഷന്റെ തീരുമാനം. കരട് പട്ടിക ഈ മാസം 23 നും അന്തിമ പട്ടിക 2026 ഫെബ്രുവരി 21നും പ്രസിദ്ധീകരിക്കും. അതേസമയം സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 66 ലക്ഷത്തി 44 ആയിരത്തി മുന്നൂറായി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽ ഒ മാരെ ഏല്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

## SIR KERALA - MEETING

എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് നടക്കും. രാവിലെ 11 മണിക്ക് മാസ്കറ്റ് ഹോട്ടലിലാണ് യോഗം.

## ELECTION KERALA (INTRO)

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പു നടക്കുന്ന ഏഴു ജില്ലകളിൽ നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(VOICE)

❋❋❋❋❋❋❋❋❋❋❋❋❋

## ELECTION -CAMPAIGN

പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയപാർട്ടികൾ നടത്തുന്ന കൊട്ടിക്കലാശം പോലുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്നും, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദേശിച്ചു. പൊതുജനങ്ങൾക്ക് മാർഗ്ഗ തടസ്സം സൃഷ്ടിച്ചു കൊണ്ടുള്ള പരിപാടികൾ പാടില്ല. പരസ്യപ്രചാരണത്തിന്റെ സമാപനത്തിലും മാതൃകാ പെരുമാറ്റ ചട്ടവും, ഹരിതച്ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണം. പ്രചാരണ ഗാനങ്ങൾ ഉച്ചത്തിൽ കേൾപ്പിച്ചു മത്സരിക്കുന്ന പ്രവണതയും കർശനമായി നിയന്ത്രിക്കാൻ കമ്മീഷണർ ജില്ലാ കളക്ടർമാർക്കും പോലീസ് അധികൃതർക്കും നിർദ്ദേശം നൽകി.

❋❋❋❋❋❋❋❋❋❋❋❋❋

## SABARIMALA

ശബരിമലയിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഇന്നലെ മുതൽ ഒരുക്കിയിരിക്കുന്ന കനത്ത സുരക്ഷ ഇന്നും തുടരും.

സി.ആർ.പി.എഫ് - ആർ. എ.എഫ്, കേരള പോലീസ്, എൻ.ഡി.ആർ.എഫ്, ആന്റി സബോട്ടേജ് ചെക്ക് ടീം, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡ്, സ്പെഷ്യൽ ബ്രാഞ്ച് എന്നീ സേനാ വിഭാഗങ്ങളാണ് സുരക്ഷയൊരുക്കിയിരിക്കുന്നത്. ഇന്ന് നടതുറന്ന ശേഷമാണ് 18--ാാം പടികയറാൻ തീർഥാടകരെ അനുവദിച്ചത്.

❋❋❋❋❋❋❋❋❋❋❋❋❋

## CRICKET ODI

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക് 1.30ന് വിശാഖപട്ടണത്ത്. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്. ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വൻറി 20 പരമ്പര ഈ മാസം 9ന് ആരംഭിക്കും.

## HOCKEY MENS JUNIOR WORLD CUP

എഫ്ഐഎച്ച് പുരുഷ ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യ സെമി ഫൈനലിൽ പ്രവേശിച്ചു. ചെന്നൈയിൽ ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി ഫൈനൽ പ്രവേശനം. ഇരു ടീമുകളും 2 ഗോളുകൾ നേടി കളി അവസാനിച്ചതോടെ പെനാൽറ്റി ഷൂട്ടൗട്ടിലൂടെ മൂന്നിനെതിരെ നാല് ഗോളുകൾക്കാണ് ഇന്ത്യ വിജയം ഉറപ്പിച്ചത്. ഞായറാഴ്ച നടക്കുന്ന സെമിഫൈനലിൽ ഇന്ത്യ ജർമ്മനിയെ നേരിടും.

## KHELO INDIA UNIVERSITY GAMES 2025

രാജസ്ഥാനിൽ നടന്ന ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിൽ ചണ്ഡീഗഡ് യൂണിവേഴ്സിറ്റി ഓവറോൾ ചാമ്പ്യൻഷിപ്പ് കിരീടം നിലനിർത്തി. 42 സ്വർണ്ണം, 14 വെള്ളി, 11 വെങ്കലം ഉൾപ്പെടെ 67 മെഡലുകളാണ് ചണ്ഡീഗഡ് സ്വന്തമാക്കിയത്. ലവ്‌ലി പ്രൊഫഷണൽ യൂണിവേഴ്സിറ്റി രണ്ടാം സ്ഥാനവും, ഗുരു നാനാക് ദേവ് യൂണിവേഴ്സിറ്റി മൂന്നാം സ്ഥാനവും സ്വന്തമാക്കി.

## ROBERT VADRA-ED

യുകെ ആസ്ഥാനമായുള്ള പ്രതിരോധ ഇടപാടുകാരൻ സഞ്ജയ് ഭണ്ഡാരി യുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ വ്യവസായി റോബർട്ട് വാദ്രയെ പ്രതിയാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എടുത്ത കേസിൽ ഡൽഹി റൗസ് അവന്യു കോടതി ഇന്ന് വാദം കേൾക്കും. കേസിൽ റോബർട്ട് വാർദ്രയ്ക്കെതിരെ ഇഡി കുറ്റപത്രം സമർപ്പിച്ചിരുന്നു. കേസിൽ റോബർട്ട് വാർദ്രയുടെ മൊഴി ഇഡി നേരത്തെ രേഖപ്പെടുത്തിയിരുന്നു.

## AMIT SHAH

ഗാന്ധിനഗറിൽ ഭൗമ ഉച്ചകോടി 2025 കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. 'സഹകർ സാരഥി' സംരംഭത്തിന് കീഴിൽ 13 ലധികം പുതിയ സേവനങ്ങളും ഉൽപ്പന്നങ്ങളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.